I/94398/2024

ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ.EB5/4455/2024/ഡി.ടി.ഇ. തീയതി:29-05-2024

**സർക്കുലർ**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - 2024 - 2025 അദ്ധ്യയന വർഷത്തിലെ ഈ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ തൽക്കാലിക നിയമനം നടത്തുന്നത് സംബന്ധിച്ച്:-

സൂചന :- 1.താൽക്കാലിക നിയമനത്തിന് അനുമതി തേടിക്കൊണ്ട് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകൾ.
2. GO (P) No.29/2021/Fin, Dated:11/02/2021.

ഈ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ 2024-2025 അദ്ധ്യയന വർഷത്തെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ട്രേഡ്സ്മാൻ, ട്രേഡ്ഇൻസ്ട്രക്ടർ, വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ, എന്നീ വിഭാഗത്തിലെ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിലും, സർക്കാർ കൊമേഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ/ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് സ്ഥാപനങ്ങളിലെ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിലും ഒഴിവ് നിലനിൽക്കുന്നെങ്കിൽ അക്കാദമിക് താത്പര്യം പരിഗണിച്ച് എംപ്ലായ്മെൻറ് എക്സ്ചെയ്ഞ്ച് മുഖേന നിയമിക്കുന്നതിന് നടപടി എടുക്കേണ്ടതും, ടി തസ്തികകളിൽ ഉദ്യോഗാർത്ഥിയെ ലഭിക്കുന്നതിന് കാലതാമസമുണ്ടായാൽ, സ്ഥിര നിയമനം നടക്കുന്നതുവരെയോ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി ഉദ്യോഗാർത്ഥിയെ ലഭിക്കുന്നത് വരെയോ, അദ്ധ്യയന വർഷം അവസാനിക്കുന്നത് വരെയോ (ഏതാണോ ആദ്യം അത്) താൽക്കാലിക ഗസ്റ്റ് നിയമനം ദിവസ വേതന അടിസ്ഥാനത്തിൽ, മേൽ സൂചന സർക്കാർ ഉത്തരവനുസരിച്ച് നടത്താവുന്നതുമാണ്.

ഇത്തരം താത്കാലിക നിയമനങ്ങൾ അംഗീകരിക്കപ്പെട്ട സ്ഥിരം തസ്തികകളിലെ ഒഴിവിലേക്ക് മാത്രമായിരിക്കണം. ഗസ്റ്റ് നിയമനത്തിന് വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ട താത്കാലിക തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് മുൻപ്, ടി തസ്തികകൾ 2024-25 വർഷത്തിൽ സ്ഥാപനത്തിന് അനുവദനീയമാണോ, നിയമനം നടത്താവുന്നതാണോ എന്നത് സംബന്ധിച്ച് ഈ കാര്യാലയത്തിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കണം.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിനായി ടി ഓഫീസിലേക്ക് അയക്കുന്ന നിശ്ചിത അപേക്ഷയിൽ വിവരങ്ങൾ വളരെ ശ്രദ്ധയോടെ നൽകേണ്ടതുണ്ട് എന്നും, വേതനം സംബന്ധിച്ചു നൽകുന്ന വിവരങ്ങൾ പ്രകാരം വേതനം നല്കുവാൻ സ്ഥാപന മേധാവി ബാധ്യസ്ഥനാണ് എന്നും അറിയിക്കുന്നതോടൊപ്പം, നിയമനത്തിന് സാധൂകരണം നൽകുന്നതിന് വേണ്ടിയുള്ള കത്തുകൾ മാത്രം ഈ കാര്യാലയത്തിലേക്ക് അയക്കുവാൻ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

ഇപ്രകാരം തൽക്കാലിക നിയമനം നടത്തുകയാണെങ്കിൽ, പ്രസ്തുത നിയമനം സാധൂകരിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ, അനുബന്ധമായ രേഖകൾ സഹിതം (പത്രമാധ്യമങ്ങളിൽ നല്കിയ പരസ്യം, ഉദ്യോഗാർത്ഥികളുടെ യോഗ്യത, റാങ്ക് പട്ടിക, നിയമന ഉത്തരവ് എന്നിവയുടെ പകർപ്പുകൾ) ഈ ആഫീസിലേക്ക് സാധൂകരണത്തിന് വേണ്ടി അയച്ചു തരേണ്ടതാണ്. സാധൂകരണത്തിനായി ഓരോ തസ്തികകയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷ നല്കേണ്ടതുണ്ട് എന്ന് അറിയിക്കുന്നു. ഈ കാര്യാലയത്തിൽ നിന്നും സാധൂകരണം ലഭിച്ചതിന്

I/94398/2024

ശേഷം മാത്രമേ വേതനം നല്കുവാൻ പാടുള്ളൂ എന്നും അറിയിക്കുന്നു.

Rajasree MS
DIRECTOR

സ്വീകർത്താവ്,

1)ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് ഔദ്യോഗിക വെബ് സൈറ്റ് മുഖേന
2) കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Rajasree Ms
Date: 29-05-2024 18:14:20